## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2151** **06-07-2022 - ൽ മറുപടിയ്ക്ക്**

### വൃക്കമാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തിയതിൽ ഉണ്ടായ വീഴ്ച

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനായ രോഗി മരണപ്പെടാൻ ഉണ്ടായ സാഹചര്യം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടത്തുകയുണ്ടായോ; | (എ) | **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ തുടർന്ന് ചികിത്സയിലായിരുന്ന രോഗി മരിച്ച സംഭവവുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടക്കുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ (സാധാ) നം.1484/2022/ ആ.കു.വ തീയതി 22.06.2022) വിശദമായ അന്വേഷണം നടന്നു വരികയാണ്.** |
| (ബി) | വൃക്കകൾ തിരുവനന്തപുരം മെഡിക്കൽ കോളജിൽ എത്തിച്ച് നാല്പ മണിക്കൂറുകൾക്ക് ശേഷമാണോ ശസ്ത്രക്രിയ നടത്തിയത്; | (ബി) | **വളരെ സങ്കീർണ്ണമായ ശസ്ത്രക്രിയയ്ക്കായി വൃക്ക രോഗിയെ ശാസ്ത്രീയമായി ഒരുക്കുന്നതിനുള്ള സമയം മാത്രമേ ഉണ്ടായിട്ടുള്ളൂ.** |
| (സി) | അന്വേഷണത്തിൽ ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്; ശസ്ത്രക്രിയ നടത്തുന്നതിൽ കാലതാമസം ഉണ്ടായതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത് ; | (സി) | **ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടന്നു വരികയാണ്.** |
| (ഡി) | അവയവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യം നേടിയിട്ടില്ലാത്ത ആളുകൾ വൃക്ക കൈകാര്യം ചെയ്യേണ്ടി വന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയോ ; | (ഡി) | **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ തന്നെ രണ്ട് സീനിയർ റസിഡന്റ് ഡോക്ടർമാരാണ് വൃക്ക ഏറ്റെടുക്കുന്നതിനായി ആംബുലൻസിൽ രാജഗിരി ആശുപത്രിയിലേയ്ക്ക് പോയതും വൃക്ക സുരക്ഷിതമായി എത്തിച്ചതും.** |
| (ഇ) | ഈ സംഭവത്തിൽ സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഇ) | **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി, യൂറോളജി വിഭാഗങ്ങളിലെ വകുപ്പ് തലവൻമാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടക്കുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ (സാധാ)** |

| | | | |
|---|---|---|---|
| | | | **നം.1484/2022/ആ.ക.വ തീയതി 22.06.2022). ഈ കാര്യങ്ങളുടെ വിശദമായ അന്വേഷണം നടന്നു വരികയാണ്.** |

സെക്ഷൻ ഓഫീസർ